തുഞ്ചത്തെഴുത്തച്ഛൻ

# മലയാളസർവകലാശാല

## എം. എ. പ്രവേശന പരീക്ഷ - 2023

# ഭാഷാശാസ്ത്രം

കോഴ്സ് കോഡ് **MUE23LIN - 01**

1. പരീക്ഷാഹാളിൽ അച്ചടക്കം പാലിക്കുക.
2. പരീക്ഷാജോലിയിൽ ഏർപ്പെട്ടിരിക്കുന്ന അധ്യാപകരുടെ നിർദ്ദേശങ്ങൾ അനുസരിക്കുക.
3. ഉത്തരക്കടലാസ് അന്യോന്യം കൈമാറാൻ ശ്രമിക്കുക, പരീക്ഷ എഴുത്തിൽ മറ്റുള്ളവരെ സഹായിക്കുക, നിർദ്ദേശങ്ങൾ അനുസരിക്കാതിരിക്കുക തുടങ്ങിയുള്ള എല്ലാത്തരം പരീക്ഷാക്രമക്കേടും പരീക്ഷ അസാധുവാക്കുന്നതിന് കാരണമാകും.
4. പരീക്ഷാഹാളിൽ മൊബൈൽ ഫോണിന്റെ/ഇലക്ട്രോണിക് ഉപകരണങ്ങളുടെ ഉപയോഗം അനുവദിക്കുന്നതല്ല.
5. റോൾനമ്പർ വ്യക്തമായി എഴുതി എന്ന് ഉറപ്പുവരുത്തുക.
6. ഉത്തരക്കടലാസിൽ ഉപയോഗിക്കുന്ന അഡീഷണൽ ഷീറ്റുകളുടെ എണ്ണം കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.
7. കുറഞ്ഞത് 20 മാർക്ക് കിട്ടിയെങ്കിൽ മാത്രമേ പ്രവേശനത്തിന് പരിഗണിക്കുകയുള്ളൂ.
8. ഒരു മണിക്കൂർ കഴിയുമ്പോൾ ഒന്നാം വിഷയത്തിന്റെ പരീക്ഷ എഴുത്ത് പൂർത്തിയാക്കി ഉത്തരക്കടലാസ് തിരികെ നൽകണം.

സമയം: 1 മണിക്കൂർ

മാർക്ക് 50

I. **1 മുതൽ 25 വരെയുള്ള ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക**

**(01 x 25= 25)**

1. ഇന്ത്യയുടെ ഔദ്യോഗികഭാഷ?
   a) ഹിന്ദി  b) ഇംഗ്ലീഷ്
   c) ഹിന്ദിയും ഇംഗ്ലീഷും  d) ഹിന്ദുസ്ഥാനി

2. ഇന്ത്യയിൽ ഭാഷാടിസ്ഥാനത്തിൽ രൂപീകരിക്കപ്പെട്ട ആദ്യത്തെ സംസ്ഥാനം?
   a) കേരളം  b) ആന്ധ്രാപ്രദേശ്
   c) തമിഴ്നാട്  d) ഉത്തർപ്രദേശ്

3. ദ്രാവിഡ ഭാഷകളിൽ ഭൂരിഭാഗവും ഇന്ത്യയിലെ ഏത് മേഖലയിലാണ് ഉൾപ്പെടുന്നത്?
   a) ഉത്തരേന്ത്യ  b) ദക്ഷിണേന്ത്യ
   c) പശ്ചിമ ഇന്ത്യ  d) പൂർവ ഇന്ത്യ

4. ഭാഷാടിസ്ഥാനത്തിൽ മാത്രമല്ലാതെ രൂപം കൊണ്ട സംസ്ഥാനമേത്?
   a) ഗോവ  b) ഗുജറാത്ത്
   c) തമിഴ്നാട്  d) കർണാടക

5. അവൾ എന്ന പദത്തെ പിരിച്ചെഴുതുക?
   a) അവ + ൾ  b) അ + വൾ
   c) അ + അൾ  d) അവ + അൾ

6. കേരളപാണിനീയം എന്ന പുസ്തകം രചിച്ചതാര്?
   a) ഡോ. കെ. എം. പ്രഭാകരവാര്യർ  b) ഇ.എം.എസ്
   c) എ.ആർ.രാജരാജവർമ്മ  d) ഇ.വി.എൻ.നമ്പൂതിരി

7. ശരിയായ രൂപം ഏത്?
   a) വിഡ്ഡിത്തം  b) വിഢ്ഢിത്തം
   c) വിഡ്ഢിത്തം  d) ഇവയെല്ലാം

8. ഭാഷാസാഹചര്യം അടിസ്ഥാനമാക്കിയാൽ ഇന്ത്യ താഴെ പറയുന്നവയിൽ ഏത് വിഭാഗത്തിൽ പെടും?
   a) ബഹുഭാഷാരാജ്യം  b) ഏകഭാഷാരാജ്യം
   c) ദ്വിഭാഷാരാജ്യം  d) ത്രിഭാഷാരാജ്യം

9. തത്സമം എന്നാലെന്ത്?
   a) മറ്റുഭാഷയിൽ നിന്ന് പദങ്ങൾ അതേപടി സ്വീകരിക്കുന്നത്
   b) മറ്റുഭാഷയിൽ നിന്ന് പദങ്ങൾ മാറ്റത്തോടെ സ്വീകരിക്കുന്നത്
   c) ഭാഷയിലെ തനതുപദം
   d) മറ്റു ഭാഷയിൽ നിന്നു പദങ്ങൾ വിവർത്തനം ചെയ്യുന്നത്

10. പോയെന്ന് എന്നതിലെ സന്ധിയേത്?
    a) ആഗമം  b) ആദേശം
    c) ലോപം  d) ദ്വിത്വം

11. നെഞ്ച്>നെഞ്ഞ് എന്ന മാറ്റത്തെ വ്യാകരണപരമായി സൂചിപ്പിക്കാൻ ഉപയോഗിക്കുന്ന പദം?
    a) സ്വരസംവരണം  b) താലവ്യാദേശം
    c) അനുനാസികാതിപ്രസരം  d) പുരുഷഭേദനിരാസം

12. വക്കീൽ എന്ന പദം ഏതു ഭാഷയിൽ നിന്ന് സ്വീകരിച്ചതാണ്?

a) അറബി
b) സംസ്കൃതം
c) പോർച്ചുഗീസ്
d) ഡച്ച്

13. കരി, കളഭം എന്നീ പദജോഡികളുടെ പ്രത്യേകതയെന്ത്?

a) വിപരീതം
b) പര്യായം
c) ഉപരിനാമം
d) അധോനാമം

14. നാവ് പല്ലിൽ തൊടാതെ ഉച്ചരിക്കാവുന്ന പദമേത്?

a) ലത
b) നരി
c) നിള
d) പന

15. പൂർവകേരളഭാഷ എഴുതിയതാര്?

a) ഡോ. കെ. എം. പ്രഭാകരവാര്യർ
b) ഇ.എം.എസ്
c) എ.ആർ.രാജരാജവർമ്മ
d) ഇ.വി.എൻ.നമ്പൂതിരി

16. വിണ്ടലം എന്ന പദം പിരിച്ചെഴുതിയാൽ ഏതാണ് ശരിയാവുക?

a) വിൺ + തലം
b) വിണ്ട + ലം
c) വിണ്ട + തലം
d) വിൺ + ടലം

17. കാലോചിതം എന്ന വാക്കിന്റെ ശരിയായ അർഥം തെരഞ്ഞെടുക്കുക?

a) സമയബന്ധിതമായി
b) സമയത്തിനൊത്ത
c) സമയമായ
d) അനുഗുണമായ

18. ഭരണഘടനയുടെ എട്ടാം പട്ടികയിൽ എത്ര ഭാഷകൾ ഉണ്ട്?

a) 18
b) 20
c) 21
d) 22

19. കേരളത്തിലെ ഒരു ഗോത്രഭാഷയാണ്?

a) ജാർവ
b) ഗോണ്ടി
c) ബഡഗ
d) മുഡുഗ

20. അനുച്ഛേദം എന്നത് ഏത് ഇംഗ്ലീഷ് പദത്തിനു തുല്യമാണ്?

a) Constitution
b) Schedule
c) Article
d) Amendment

**ചേരുംപടി ചേർക്കുക**

| | |
|---|---|
| 21. വാക്യപദീയം | കാൽഡ്വൽ |
| 22. അഷ്ടാധ്യായി | ഇളങ്കോവടികൾ |
| 23 ദ്രാവിഡഭാഷാവ്യാകരണം | പാണിനി |
| 24. ചിലപ്പതികാരം | എ.ആർ. രാജരാജവർമ്മ |
| 25. ഭാഷാഭൂഷണം | ഭർതൃഹരി |

**II. ഇംഗ്ലീഷിൽ നിന്ന് മലയാളത്തിലേക്ക് വിവർത്തനം ചെയ്യുക** (1 x5= 5)

26. Understanding the benefits of physical fitness and knowing how active you should be can help you maintain good health and improve your overall quality of life. While some diseases cannot be prevented, you can reduce your risk for certain disease - such as heart disease and diabetes - through reducing risky behaviours and living a healthy lifestyle. Making healthy choices, such as engaging in regular physical activity, can reduce your risk for many health issues and complications that can result in expensive medical care. Numerous studies have shown that regular physical activity increases life expectancy and reduces the risk of premature mortality. There is no magic formula that translates hours of physical activity into hours of life gained, but research suggests that people who are more active tend to be healthier and tend to live longer. A sedentary lifestyle and a lack of physical activity can take a toll on a person's body. Physical inactivity is associated with an increased risk for certain types of cancer, numerous chronic diseases, and mental health issues. Exercise, however, has been shown to improve mood and mental health, and provides numerous health benefits. Of course, physical fitness also allows you to do things that you may not otherwise be able to do

**III. മലയാളത്തിൽ നിന്ന് ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്യുക** (1 x5= 5)

27. ഒരു ഭാഷ രാജ്യം മുഴുവനും ഒരുപോലെ ഉപയോഗിക്കപ്പെടുകയും ഭൂരിപക്ഷം പേരും ആ ഭാഷ സംസാരിക്കുകയും ചെയ്യുമ്പോഴാണ് അത് ദേശീയഭാഷ യാകുന്നത്. സോവിയറ്റ് യൂണിയനിൽ റഷ്യൻ അത്തരത്തിലൊന്നായിരുന്നു. എന്നാൽ ഇന്ത്യയെപ്പോലുള്ള ബഹുഭാഷാരാജ്യത്തിന് ഈ ആശയം അനുയോജ്യമല്ല. കന്യാകുമാരി മുതൽ കാശ്മീർ വരെ ഒരേ തോതിൽ ഹിന്ദി മാധ്യമത്തിൽ ആശയവിനിമയം നടത്തുകയും അത് പൊതു ഭാഷയായി വർത്തിക്കുകയും വേണം. എന്നാൽ മാത്രമേ അത് ദേശീയഭാഷയായി മാറൂ. ഹിന്ദി ദേശീയഭാഷയാക്കാനുള്ള പരിശ്രമം നടന്നപ്പോൾ വെറും 30 ശതമാനം മാത്രമായിരുന്നു ഹിന്ദിഭാഷ സംസാരിക്കുന്നവർ. 70% പേരെങ്കിലും ഒരേ ഭാഷ സംസാരിക്കുമ്പോൾ മാത്രമേ ഒരു ദേശീയഭാഷ എന്ന ആശയം പോലും ജനിക്കുന്നുള്ളൂ. 2011-ലെ സെൻസസ് പ്രകാരം 28 സംസ്ഥാനങ്ങളിൽ ആകെ 10 എണ്ണത്തിൽ മാത്രമാണ് ഹിന്ദി പ്രധാനഭാഷയായി വരുന്നത്. ദക്ഷിണേന്ത്യയിലും അരുണാചൽ പ്രദേശ്, സിക്കിം ഒഴികെയുള്ള വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലും ഹിന്ദി സംസാരിക്കുന്നവർ വളരെ കുറവാണ്. ഇന്ത്യയിൽ ഹിന്ദി സംസാരിക്കുന്നവർ ഏറ്റവും കുറവ് കേരളത്തിലാണ്. 0.6% പേർ മാത്രമാണ് കേരളത്തിൽ ഹിന്ദി സംസാരിക്കുന്നവർ.

**IV. താഴെ പറയുന്നവയിൽ ഏതെങ്കിലും മൂന്നെണ്ണത്തിന് ഒരു പുറത്തിൽ കവിയാതെ കുറിപ്പെഴുതുക.** (3 x5= 15)

28. നിങ്ങൾക്ക് പരിചയമുള്ള ഏതെങ്കിലും ഒരു ഭാഷാഭേദത്തിന്റെ സവിശേഷതകൾ
29. ഇന്ത്യയിലെ ഭാഷാബഹുസ്വരത
30. ശാസ്ത്രപഠനം മലയാളത്തിൽ: സാധ്യതകളും വെല്ലുവിളികളും
31. പഴഞ്ചൊല്ലുകളുടെ ഭാഷാസവിശേഷതകൾ
32. നവമാധ്യമഭാഷോപയോഗത്തിൽ നിങ്ങൾ കണ്ട പ്രത്യേകതകൾ
33. വാർത്താശീർഷകങ്ങളുടെ ഘടന, ശൈലി എന്നിവയിൽ നിങ്ങൾ നിരീക്ഷിച്ച സവിശേഷതകൾ

-- -- --